## പതിമൂന്നാം കേരളനിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3976 27/06/2012 ൽ മറുപടിക്ക്

### മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ടെൻഡർ

ചോദ്യം

ശ്രീ. ഇ. പി. ജയരാജൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

മറുപടി

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ടെൻഡർ രീതിയിൽ മുൻ ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്നതിൽ നിന്ന് എന്തു മാറ്റങ്ങളാണ് വരുത്തിയിരിക്കുന്നതെന്നറിയിക്കാമോ; | (എ) | വൻകിട മരുന്നു കമ്പനികൾ എല്ലാംതന്നെ അവയുടെ ഉല്പാദനം ലോൺ ലൈസൻസികളിലേക്കും കോൺട്രാക്ട് ഉല്പാദകരിലേക്കും വികേന്ദ്രീകരിക്കുന്ന പ്രവണതയാണ് ഇപ്പോൾ നിലനിൽക്കുന്നത്. അതിനാൽ ഇത്തരം കമ്പനികളെ ടെൻഡറിലേക്ക് ആകർഷിക്കാൻ 2012-13 വർഷത്തെ ടെൻഡറിൽ ലോൺ ലൈസൻസികളേയും കോൺട്രാക്ട് ഉല്പാദകരേയും പങ്കെടുക്കാൻ അനുവദിച്ചിട്ടുണ്ട്. കൂടുതൽ കമ്പനികളുടെ പങ്കാളിത്തം ഉറപ്പാക്കാൻ ടെൻഡറിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങളുടെ വാർഷിക വിറ്റുവരവിൽ ഇളവുനൽകി. മന്ത്‌ലി പ്രോഡക്ട് മിക്സ് ആന്റ് അഷ്വേർഡ് സപ്ലൈ ഷെഡ്യൂൾ എന്ന പുതിയ പദ്ധതി ആവിഷ്കരിച്ചു. മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ടെൻഡർ ചെയ്യുന്ന ക്വാണ്ടിറ്റിയുടെ 75% നാലുമാസത്തിനുള്ളിൽ നൽകണമെന്ന നിബന്ധന കൊണ്ടുവന്നു. നിർമ്മാതാക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ ഇളവു വരുത്തി. ഈ വർഷത്തെ ടെൻഡറിൽ അതാത് കമ്പനികൾ ക്വോട്ട് ചെയ്ത ഉൽപ്പന്നങ്ങളുടെ വിലക്കനുസരിച്ച് ടെൻഡർ വില നിശ്ചയിക്കുന്ന രീതിയിലുള്ള സ്ലാബ് സിസ്റ്റം ഏർപ്പെടുത്തി. മുൻകാലങ്ങളിൽ ടെൻഡർ പ്രകാരം ഓർഡർ ചെയ്ത അളവിന്റെ 70% വിതരണം ചെയ്താലെ മരുന്നിന്റെ |

| | | | |
|---|---|---|---|
| | | | വിലനൽകുകയുള്ളൂ. എന്നാൽ ഇപ്പോൾ മരുന്നിന്റെ ഗുണനിലവാരം പരിശോധന റിപ്പോർട്ട് ലഭിച്ചാലുടൻ വില നൽകാനുള്ള നടപടിക്രമങ്ങൾ ആരംഭിക്കാനുള്ള വ്യവസ്ഥ ഏർപ്പെടുത്തി ശ്രീചിത്രാ മെഡിക്കൽ സയൻസ്, എ.ഐ.എം.എസ്, ആർ.സി.സി, എം.സി.സി തുടങ്ങിയ പ്രീമിയർ ഹെൽത്ത് കെയർ സ്ഥാപനങ്ങളിൽ മരുന്ന് വിതരണം ചെയ്യുകയോ WHO-GMP/USFDA/ISO അംഗീകാരമുള്ളതോ ആയ കമ്പനികളെ ബിഡ് തുറക്കുന്നതിനു മുൻപുള്ള സാമ്പിൾ പരിശോധനയിൽ നിന്നും ഫാക്ടറി പരിശോധനയിൽ നിന്നും ഒഴിവാക്കി. എന്നാൽ കരാർ കാലാവധിയിൽ ഏതുസമയത്തും ഇവയുടെ പരിശോധന നടത്താം എന്ന വ്യവസ്ഥ ഉൾപ്പെടുത്തി. |
| (ബി) | പ്രൊഡക്റ്റ് മിക്സ് ആന്റ് അഷ്വേർഡ് സ്കീം എന്താണെന്ന് വ്യക്തമാക്കാമോ ; | (ബി) | ഒരു മരുന്നു നിർമ്മാണ സ്ഥാപനത്തിന് ഒരു മാസത്തിനുള്ളിൽ ഏതൊക്കെ മരുന്നുകൾ ഏതൊക്കെ അളവുകളിൽ (ഒരു പ്രോഡക്ട് മിക്സ് ആയി ) നിർമ്മിച്ച് കോർപ്പറേഷന് വിതരണം ചെയ്യാൻ കഴിയും എന്ന് ടെൻഡർ സമർപ്പിക്കുമ്പോൾത്തന്നെ കമ്പനി നൽകുന്ന ഉറപ്പാണ് മന്ത്‌ലി പ്രോഡക്റ്റ് മിക്സ് ആന്റ് അഷ്വേർഡ് സപ്ലൈ ഷെഡ്യൂൾ. ഒരു കമ്പനി നിശ്ചിത മരുന്ന് വിതരണം ചെയ്യാൻ യോഗ്യതനേടാനായി ടെൻഡർ ചെയ്ത അളവിന്റെ ചുരുങ്ങിയത് 15% എങ്കിലും പ്രസ്തുത ഷെഡ്യൂൾ പ്രകാരം ഓഫർ ചെയ്യേണ്ടതാണ്. ടെക്നിക്കൽ ബിഡ് പരിശോധിച്ച ശേഷം കമ്പനികൾ നൽകിയിരിക്കുന്ന മന്ത്‌ലി പ്രോഡക്റ്റ് മിക്സ് ആന്റ് അഷ്വേർഡ് സപ്ലൈ ഷെഡ്യൂൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും അവ പുന:പരിശോധിച്ച് മാറ്റങ്ങൾ വരുത്താൻ കോർപ്പറേഷൻ കമ്പനികൾക്ക് അവസരം നൽകുന്നതുമാണ്. അങ്ങനെ രണ്ടാം ഘട്ടത്തിലും ഓരോ മരുന്നിനും കമ്പനി നൽകുന്ന ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് സപ്ലൈ ഓർഡർ അളവ് നിശ്ചയിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | പുതിയ രീതി ചെറുകിടക്കാരെ അകറ്റി നിർത്തുകയും വൻകിട കത്തകകൾക്ക് ഉയർന്ന ലാഭം ഈടാക്കാൻ അവസരം ലഭിക്കുകയും ചെയ്തിരിക്കുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | മന്ത്‌ലി പ്രോഡക്റ്റ് മിക്സ് ആന്റ് അഷേർഡ് സപ്ലൈ ഷെഡ്യൂൾ ഏറ്റവും അധികം പ്രയോജനപ്പെടുന്നത് സംസ്ഥാനത്തെ ചെറുകിട ഉൽപാദകർക്കാണെന്നും ഇതുപ്രകാരം അവരുടെ ഉൽപാദനശേഷി അനുസരിച്ച് മരുന്നുകൾ വിതരണം ചെയ്യാൻ സാദ്ധ്യമാകുന്നു. ഈവർഷം സംസ്ഥാനത്തെ 11 കമ്പനികൾ 21.229 കോടി രൂപയുടെ സപ്ലൈ ഓർഡർ നേടിക്കഴിഞ്ഞു. ടെൻഡർ വ്യവസ്ഥയിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് 10% ൽ നിന്നും 5% ആയി കുറവ് ചെയ്തതും, വില നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ സ്വീകരിച്ച നടപടികളും ചെറുകിട ഉൽപാദകർക്ക് സഹായകമായിട്ടുണ്ട്. |
| (ഡി) | മുൻവർഷത്തെ അപേക്ഷിച്ച് 2011-12 വർഷം കോർപ്പറേഷൻ വാങ്ങിയ മരുന്നുകളുടെ വിലയിലുള്ള ശരാശരി അന്തരം എത്രയാണെന്നറിയിക്കാമോ ? | (ഡി) | കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം ഏകദേശം 183 ഇനം മരുന്നുകൾക്ക് അധിക വില നൽകേണ്ടതായി വരുന്നുണ്ട്. വർദ്ധനയുണ്ടായ ഇനങ്ങളുടെ എണ്ണവും അതിന് വിനിയോഗിക്കേണ്ടിവരുന്ന അധികം തുകയും ശതമാന കണക്കും ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ശതമാനം | എണ്ണം | തുക (കോടിയിൽ) |
|---|---|---|---|
| 1 | 10% വരെ | 62 | 1.9 |
| 2 | 20% വരെ | 30 | 1.25 |
| 3 | 30% വരെ | 22 | 1.97 |
| 4 | 40% വരെ | 20 | 6.41 |
| 5 | 50% വരെ | 12 | 1.27 |
| 6 | 50% നു മുകളിൽ 100% വരെ | 17 | 2.12 |
| 7 | 100% നു മുകളിൽ | 20 | 25.16 |

സെക്ഷൻ ഓഫീസർ